"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ്. അധിഷ്ഠിത കരട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ 36(3) വകുപ്പ് പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.49/2023/LSGD തീയതി,തിരുവനന്തപുരം, 14-02-2023

---

പരാമർശം:-

1. കൊച്ചി കോർപ്പറേഷൻ കൗൺസിലിന്റെ 06.01.2022-ലെ 74-ാം നമ്പർ കൌൺസിൽ തീരുമാനം.
2. കൊച്ചി കോർപ്പറേഷൻ കൗൺസിലിന്റെ 28-10-2022-ലെ 1-ാം നമ്പർ നഗരസഭ കൺസിൽ തീരുമാനം
3. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ 09/12/2022-ലെ സിഒസി/അമൃത്/ജി.ഐ.എസ്./02/2019 നമ്പർ കത്ത്.
4. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 09/12/2022 ലെ ടിസിപിഇകെഎം/766/2021-ഡി നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 07/01/2023 ലെ ടിസിപിസിടിപി/355/2021-എഫ്1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ ഉപപദ്ധതിയിൻ കീഴിൽ കൊച്ചി നഗരസഭ പ്രദേശത്തിനു വേണ്ടി ജി.ഐ.എസ്. അധിഷ്ഠിത കരട് മാസ്റ്റർ തയ്യാറാക്കിയിരുന്നു.

(2) 2021-ലെ കേരള നഗര ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരമുള്ള മാസ്റ്റർ പ്ലാൻ കമ്മിറ്റി നഗരസഭ പരാമർശം (1) പ്രകാരം രൂപീകരിക്കുകയും ടി മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ 36(2) വകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനും, ആയത് പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിലേക്ക്

സമർപ്പിക്കുന്നതിനും പരാമർശം (2) പ്രകാരം തീരുമാനം എടുക്കുകയും ചെയ്തിട്ടുള്ളതാണ്.

(3) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(7) പ്രകാരമുള്ള രേഖകൾ സർക്കാരിലേക്ക് പ്രസിദ്ധീകരണാനുമതിക്കായി അയക്കുന്നതിനു പരാമർശം (3) പ്രകാരം കൊച്ചി നഗരസഭ സെക്രട്ടറി സമർപ്പിച്ചിരുന്നു.

(4) കൊച്ചി നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയ ജി.ഐ.എസ്. അധിഷ്ഠിത കരട് മാസ്റ്റർ പ്ലാൻ, നഗരസഭയുടെ മാസ്റ്റർ പ്ലാൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതും തുടർന്ന് നഗരസഭ കൌൺസിലിന്റെ പരാമർശം (2) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും സർക്കാരിലേയ്ക്ക് പ്രസിദ്ധീകരണാനുമതിയ്ക്കായി സമർപ്പിക്കുന്നതിനു തീരുമാനം എടുത്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനായുള്ള മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ 36(3) വകുപ്പ് പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നൽകുന്നതിനു പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കീഴിൽ, കൊച്ചി നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ്. അധിഷ്ഠിത കരട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ 36(3) വകുപ്പ് പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) പ്രകാരവുമുള്ള പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ